LIBRARY ARCHIVES Kerala Legislative Assembly

പേഴ്സണൽ സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾസ് പരിഷ്കരണം

87 (58) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾസ് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ പ്രസ്തുത പരിഷ്കരണം പൂർത്തീകരിക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ?

ഉത്തരം

(എ&ബി) പേഴ്സണൽ സ്റ്റാഫിനുള്ള സ്പെഷ്യൽ റൂൾസ് പരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിലേക്കായി നടപടികൾ നടന്നുവരികയാണ്. അവ പൂർത്തിയാകുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരുടെ സംവരണം

88 (59) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 1996 മുതൽ പ്രാബല്യത്തോടെ സംവരണം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പെൻഷൻകാർ

89 (60) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധ്യാപകർ ഉൾപ്പെടെ മൊത്തം സർക്കാർ ജീവനക്കാർ എത്രയായിരുന്നു; ഈ സർക്കാരിന്റെ

കാലയളവിൽ റിട്ടയർ ചെയ്തവർ എത്ര; പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്ര; ഇപ്പോൾ എത്ര ജീവനക്കാരും അധ്യാപകരും പെൻഷൻകാരും ഉണ്ട്;

(ബി) മേല്പറഞ്ഞ വിശദാംശങ്ങൾ എല്ലാ വകുപ്പുകളിൽ നിന്നും ശേഖരിച്ചത് സെക്രട്ടേറിയറ്റിൽ ലഭ്യമാണോ; ഏറ്റവും ഒടുവിൽ ശേഖരിക്കപ്പെട്ടത് എപ്പോഴാണ്; വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബഡ്ജറ്റ് രേഖകൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അദ്ധ്യാപകർ ഉൾപ്പെടെ മൊത്തം സർക്കാർ ജീവനക്കാരുടെ എണ്ണം- 499563 ആയിരുന്നു. 31-5-2011 മുതൽ 31-1-2016 വരെ റിട്ടയർ ചെയ്തവരുടെ എണ്ണം 84418 ആണ്. പുതുതായി സൃഷ്ടിച്ച തസ്തികകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 2015-16 ലെ ബഡ്ജറ്റ് രേഖകൾ പ്രകാരമുള്ള അധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 511487 ആണ്. നിലവിൽ സംസ്ഥാനത്താകെ 427691 പെൻഷൻകാരുണ്ട്.

(ബി) ലഭ്യമല്ല.

സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് നിയമനം

90 (61) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമന രീതി പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ തസ്തികയിൽ നിയമനം ലഭിക്കാൻ പരമാവധി വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെന്ന് വിശദാംശം നൽകാമോ;

(സി) അധിക യോഗ്യതയുള്ളവരെ ഒഴിവാക്കാൻ ചട്ടം ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ഡി) പുതിയ വിജ്ഞാപന പ്രകാരം അധിക യോഗ്യത ഉള്ളവരെ അപേക്ഷ സമർപ്പിക്കുന്നതിൽനിന്നും അയോഗ്യരാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly